**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4779** **19-03-2025 - ൽ മറുപടിയ്ക്ക്**

**കല്ലാനോട് ഫിഷ് ഹാച്ചറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കല്ലാനോട് ഫിഷ് ഹാച്ചറിയിൽ എത്ര മത്സ്യക്കുളങ്ങളാണ് നിലവിലുള്ളത്; ഇവിടെ പ്രതിവർഷം എത്ര മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നുണ്ട്; വിശദമാക്കാമോ; | (എ) | കല്ലാനോട് ഫിഷ് ഹാച്ചറിയിൽ 43 മത്സ്യക്കുളങ്ങളാണ് നിലവിൽ ഉള്ളത്. ഇവിടെ പ്രതിവർഷം 52.75 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നുണ്ട്. |
| (ബി) | കല്ലാനോട് ഫിഷ് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; എത്ര കോടി രൂപയുടെ പ്രവൃത്തിയാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | കല്ലാനോട് ഹാച്ചറിയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കായി ഇറിഗേഷൻ വകുപ്പിന്റെ 2 ഹെക്ടർ ഭൂമി ഫിഷറീസ് വകുപ്പിന് പെർമിസ്സിവ് വ്യവസ്ഥയിൽ വിട്ടു നൽകിയിട്ടുള്ളതാണ്. കല്ലാനോട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസന പദ്ധതികൾക്കായി NABARD RIDF-ൽ ഉൾപ്പെടുത്തി 1981 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ RIDF വിഹിതം 1881.95 ലക്ഷം രൂപയും, സംസ്ഥാന സർക്കാർ വിഹിതം 99.05 ലക്ഷം രൂപയുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയാണ് നടത്തുന്നത്. ഇതിൽ 21 കുളങ്ങൾ, ഹാച്ചറി കെട്ടിടം, സൈഡ് പ്രൊട്ടക്ഷൻ കനാൽ & എർത്തേൺ ബണ്ട്, Internal Roads തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 1278.50 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തി ഏർപ്പാടാക്കുകയും ഇൻവെസ്റ്റിഗേഷൻ വർക്ക് (Boring & Sample Collection) പൂർത്തീകരിക്കുകയും വെർട്ടിക്കൽ പോണ്ടുകളുടെയും സെമി നാച്ചുറൽ പോണ്ടുകളുടെയും പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. പ്രസ്തുത പ്രവൃത്തി 2026 ഏപ്രിൽ മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഹാച്ചറി കെട്ടിടം, റീസർക്കുലേഷൻ ഷെഡ്, എയറേഷൻ, വൈദ്യുതീകരണം മുതലായ അനുബന്ധ പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | നിലവിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്ക് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ളതും, പദ്ധതി പ്രദേശത്തോട് ചേർന്ന് കിടക്കുന്നതുമായ 1.326 ഹെക്ടർ ഭൂമി കൂടി ഇറിഗേഷൻ വകുപ്പിൽ നിന്നും ഫിഷറീസ് വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ